അവിടെയെല്ലാം ഓരോ ഡോക്ടർമാരെ നിയമിക്കണമെങ്കിൽ 3 ലക്ഷം രൂപ യുടെബാദ്ധ്യത വരും. എന്നാൽ 1,74,000 രൂപകൊണ്ട് ഈ പദ്ധതി നടപ്പി ലാക്കുവാൻ ശ്രമിക്കണമെന്നാണ് കേന്ദ്ര ഗവൺമെൻറ് പറഞ്ഞിട്ടുള്ളത്. കഴിഞ്ഞവർഷം കേന്ദ്രഗവൺമെൻറ് പണം അലോട്ടു ചെയ്തിരുന്നില്ല. ഈ പദ്ധതി ഇപ്പോഴാണ് ആദ്യമായിട്ടാണ് മുമ്പോട്ടുവച്ചിട്ടുള്ളത്. 19-12-1978-ൽ ആണ് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് മറുപടി കിട്ടിയത്. പ്രായോഗികമായി അംഗീകരിച്ചാൽ മാത്രമേ പണം കിട്ടുകയുള്ളു.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: ഡോക്ടർമാർ നഗ്നപാദരായിരി ക്കണമെന്നുള്ള കാര്യത്തിൽ എന്തെങ്കിലും നിർബന്ധമുണ്ടോ, അവർ ചെരുപ്പ് ഉപയോഗിച്ചാൽ അപകടം ഉണ്ടാകുമോ ?

ശ്രീ. കെ. പി. പ്രഭാകരൻ: അതിനെക്കുറിച്ച് ബഹുമാനപ്പെട്ട രാജ്നാരായണനോടു ചോദിച്ചാലേ അറിയുകയുള്ളു.

പിന്നോക്ക വിഭാഗക്കാർക്ക് നിയമനങ്ങളിൽ മുൻഗണന നൽകാൻ നടപടി

* 702 [766] ശ്രീ. സേവ്യർ അറയ്ക്കൽ: താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിൽ നടത്തുന്ന നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ;

(ബി) സംവരണാനുകൂല്യം ഇതുവരെ ലഭിക്കാത്ത പിന്നോക്ക വിഭാഗക്കാർക്ക് നിയമനങ്ങളിൽ മുൻഗണന നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ;

(സി) കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന അഖിലേന്ത്യാ പ്രദർശനങ്ങളിൽ കാർഷിക സർവകലാശാല പവലിയനുകൾ സംഘടിപ്പി ച്ചതിൽ അഴിമതി നടന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിൻമേൽ എന്തു നടപടി സ്വീകരിക്കുകയുണ്ടായി?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) നിലവിലുള്ള ചട്ടങ്ങൾ അനുസരിച്ചുള്ള സംവരണാനു കൂല്യങ്ങൾ പിന്നോക്ക വിഭാഗക്കാർക്ക് നൽകിവരുന്നുണ്ട്.

(സി) ഇല്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: 'എ' യുടെ ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി 'ഉണ്ട്' എന്ന മറുപടി നൽകി. എന്നാൽ അത് എന്നുമുതൽക്കാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. എൽ. ജേക്കബ്: ആരംഭം മുതൽ.

LIBRARY ARCHIVES Kerala Legislative Assembly